സസ്പെൻസ് അക്കൗണ്ടിൽ 100.75 കോടി രൂപ ശേഷിച്ച എന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിലെ അഡീഷണൽ സെക്രട്ടറിയും കെ.എസ്.ആർ.ടി.സി.- ഭരണ സമിതി അംഗവുമായ ശ്രീ. അനിൽ കുമാർ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച കെ.എസ്.ആർ.ടി.സി. ഭരണസമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി വിഷയം അന്വേഷിക്കുന്നതിന് സംസ്ഥാന വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.

239(1224) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാർക്ക് ഒന്നാകെ അനുവദിക്കുന്ന സർക്കാരിന്റെ അവധി ദിനങ്ങളിൽ പലതും സ്ഥാപനം നഷ്ടത്തിലാണെന്നതിന്റെ പേരിൽ വെട്ടിച്ചുരുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കെ.എസ്.ആർ.ടി.സി. നഷ്ടത്തിലാണെന്ന കാരണത്താൽ ജീവനക്കാർക്ക് നൽകേണ്ടുന്ന നിയമപരമായ അവധികൾ വെട്ടിക്കുറച്ചിട്ടില്ല. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ അവധി അംഗീകൃത trade union-കളുമായി ചർച്ച ചെയ്ത് ഒപ്പിടുന്ന ദീർഘകാല കരാറിലൂടെയാണ് തീരുമാനിക്കുന്നത്.

(ബി) എങ്കിൽ കെ.എസ്.ആർ.ടി.സി.-യിൽ രണ്ടാം ശനിയാഴ്ച പൊതു അവധിയായി നിലനിർത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

മിനിസ്റ്റീരിയൽ വിഭാഗത്തിന് രണ്ടാം ശനിയാഴ്ച പൊതു അവധിയായി നിലനിർത്തിയിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.-യിൽ രണ്ടാം ശനിയാഴ്ച പൊതു അവധിയാക്കി നൽകുകയാണെങ്കിൽ സ്ഥാപനത്തിലെ കടുത്ത ജോലി നോക്കുന്ന ഇൻകം ഏണിംഗ് വിഭാഗത്തിനുകൂടി ആയത് ബാധകമാക്കാൻ നടപടി സ്വീകരിച്ച് നീതി നടപ്പാക്കുമോ;

&

(ഡി) ഇല്ലെങ്കിൽ ഈ അവധി നൽകുന്നതിൽനിന്ന് ഇതേ സ്ഥാപനത്തിലെ പ്രസ്തുത വിഭാഗത്തിനെ ഒഴിവാക്കുന്നതിന്റെ കാരണം എന്താണെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ജീവനക്കാരുടെ ജോലിയുടെ സ്വഭാവം പരിഗണിച്ചാണ് അവധികൾ ക്രമീകരിക്കപ്പെട്ടിട്ടുള്ളത്. കണ്ടക്ടർ/ഡ്രൈവർ ജീവനക്കാർക്ക് അവരുടെ ജോലികൾക്ക് അനുസൃതമായി കിലോമീറ്റർ അലവൻസ് ഇൻസെന്റീവ് ബാറ്റ, കളക്ഷൻ ബാറ്റ, കിലോമീറ്റർ പെർ ലിറ്റർ അലവൻസ്, ലേ ഓവർ അലവൻസ് മുതലായ വിവിധ ആനുകൂല്യങ്ങൾ നൽകിവരുന്നു.

(ഇ) സർക്കാരിന്റെ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലും കാഠിന്യമുള്ള പണി എടുക്കുന്ന വിഭാഗത്തെ ഇത്തരം ആനുകൂല്യങ്ങളിൽ നിന്ന് ഒഴിവാക്കുന്നില്ലെന്ന വസ്തുത ഗൗരവമായി പരിശോധിക്കുമോ?

സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുന്നതോടൊപ്പം ജീവനക്കാർക്ക് നിയമപരമായി ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ/അവധികൾ അനുവദിക്കു ന്നതിന് കോർപ്പറേഷൻ ബാധ്യസ്ഥമാണ്. ആയതിനാൽ ചെയ്യുന്ന സേവനങ്ങൾക്ക് അനുസൃതമായ അവധികൾ, ആനുകൂല്യങ്ങൾ കണ്ടക്ടർ, ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് നല്കപ്പെടുന്നതിനാൽ രണ്ടാം ശനി അവധി ടി വിഭാഗം ജീവനക്കാർക്ക് അനുവദിക്കാൻ നിർവ്വാഹമില്ല.

(എഫ്) ഇല്ലെങ്കിൽ പ്രസ്തുത അവധി ഇത്തരക്കാർക്ക് നൽകുന്നത് ഒഴിവാക്കണമെന്നുണ്ടെങ്കിൽ സ്ഥാപനത്തിന് ഒന്നാകെ രണ്ടാം ശനിയാഴ്ചയുള്ള അവധി നീക്കം ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കുമോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ?

രണ്ടാം ശനിയാഴ്ച മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് അവധി ആയി അനുവദിക്കുന്നത് വഴി കോർപ്പറേഷന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നില്ല.

കെ.എസ്.ആർ.ടി.സി.-യിലെ പുനർനിയമം

240(1225) ശ്രീ. കെ. ബാബു(തൃപ്പൂണിത്തുറ):

ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷത്തിനിടയിൽ കെ.എസ്.ആർ.ടി.സി.-യിൽ പി.എസ്.സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ മുഖേനയല്ലാതെ എത്ര പേരെ നേരിട്ട് നിയമിച്ചു എന്ന് വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണ നടപടികളുടെ ഭാഗമായി മാനേജീരിയൽ തസ്തികകളിൽ ചുവടെ ചേർത്തിരിക്കും പ്രകാരം കഴിഞ്ഞ വർഷം കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ട്.